**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **04-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള റോഡുകളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭ പരിധിയിൽപ്പെട്ട പ്രധാന റോഡുകൾ പൊതുമരാമത്ത് റോഡുകളുടെ മാതൃകയിൽ ബി. എം. ആന്റ് ബി. സി. ടാറിംഗ് നടത്തി ഗതാഗതം സുഗമമാക്കുന്നതിനും റോഡിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ ആലോചനയിലുണ്ടോ; | (എ) | ഉണ്ട്. റോഡിന്റെ ട്രാഫിക് അനുസരിച്ചാണ് ബി. എം. ആന്റ് ബി. സി. ടാറിംഗ് നടത്തുന്നത്. ട്രാഫിക്ക് കൂടുതലുള്ള റോഡുകളിൽ ബി. എം. ആന്റ് ബി. സി. ടാറിംഗ് നടത്തുന്നതിനുള്ള പ്രോജക്ടുകൾ നഗരസഭ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തി നിർവ്വഹിക്കുന്ന റോഡുകളുടെ ഗുണനിലവാരം നിലവിൽ പരിശോധിക്കുന്നുണ്ടോ; ഗുണനിലവാരം കുറഞ്ഞ നിർമ്മാണ പ്രവൃത്തികൾക്ക് ഉത്തരവാദികളായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. ഗുണനിലവാരം കുറഞ്ഞ നിർമ്മാണ പ്രവൃത്തികൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. കാലപരിധി സൂചിപ്പിച്ചാൽ കൃത്യമായ വിവരം നൽകുന്നതാണ്. |
| (സി) | തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള പ്രധാന റോഡുകൾ പി.ഡബ്ല്യു.ഡി./കെ. ആർ. എഫ്. ബിക്ക് സറണ്ടർ ചെയ്ത് മാതൃകാറോഡുകൾ ആക്കുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത നഗരസഭയിലെ പതിനൊന്ന് വാർഡുകളിൽ സേവനം നൽകി വരുന്ന പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നഗരസഭ നൽകിവരുന്ന സഹായങ്ങൾ വിശദമാക്കാമോ; | (ഡി) | പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനത്തിനായി മെഡിക്കൽ പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിച്ചിട്ടുള്ളതും സെന്ററിലേക്ക് ആവശ്യമായ മെഡിസിൻ വാങ്ങുന്നതിന് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഹെൽത്ത് സെന്ററിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും നഗരസഭയാണ്. |
| (ഇ) | തിരുവനന്തപുരം നഗരസഭ സോണൽ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ഇ) | സോണൽ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഒരു ഉയർന്ന ഉദ്യോഗസ്ഥന് ചുമതല നൽകി, നിശ്ചിത സമയത്ത് ഓഫീസിൽ പോയി പ്രവർത്തനം വിലയിരുത്തി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ സോണൽ ആഫീസിന്റെയും ചുമതല ഓരോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ സോണൽ ഓഫീസുകളിൽ നിലവിൽ വസ്തു നികുതി, ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ, 300 ച.മീ. താഴെയുള്ള വാസഗൃഹങ്ങളുടെ പെർമിറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈനായി നഗരസഭ വെബ് സൈറ്റായ http://tmc.lsgkerala.gov.in വഴി നൽകി വരുന്നുണ്ട്. കൂടാതെ പൊതുജനങ്ങളുടെ പരാതികളും ഓൺലൈനായി സ്വീകരിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. സ്മാർട്ട് ട്രിവാൻഡ്രം മൊബൈൽ ആപ്ലിക്കേഷൻ വഴി കുടിവെള്ളം ലഭ്യമാക്കൽ, കക്കൂസ് മാലിന്യം നീക്കം ചെയ്യൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈനായി നൽകുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ സൗകര്യവും ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള മേഖലാ ഓഫീസുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി ഓഫീസുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വരവ് ചെലവ് കണക്കുകൾ അതാത് ദിവസം മെയിൻ ഓഫീസിൽ ഇരുന്ന് നിരീക്ഷിക്കുന്നതിനും ജീവനക്കാർക്ക് വേണ്ടത്ര പരിശീലനം നൽകുന്നതിനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (എഫ്) | നഗരസഭയുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും നഗരസഭ സേവനങ്ങൾ വീട്ടുപടിക്കൽ എന്ന ആശയം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | നടപടി സ്വീകരിച്ചിട്ടുണ്ട്. വസ്തു നികുതി, ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ, 300 ച.മീ. താഴെയുള്ള വാസഗൃഹങ്ങളുടെ പെർമിറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈനായി നിലവിൽ നൽകി വരുന്നു. കൂടാതെ പൊതുജനങ്ങളുടെ പരാതികളും ഓൺലൈനായി സ്വീകരിക്കുന്നുണ്ട്. കുടിവെള്ളം ലഭ്യമാക്കൽ, കക്കൂസ് മാലിന്യം നീക്കം ചെയ്യൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈനായി നൽകി വരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ സൗകര്യവും ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. വാതിൽപ്പടി സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാന അക്ഷയയും ഐ.റ്റി മിഷനും ഐ.കെ.എം.മായി സഹകരിച്ച് വീട്ടുപടിക്കൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 ജനുവരിയോട് കൂടി ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ